പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 134

09.03.2015-ൽ മറുപടിക്ക്

## മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച ഔദ്യോഗിക പഠനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.തിലോത്തമൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ കേരളത്തെ അത് എപ്രകാരമെല്ലാം ബാധിക്കുമെന്നതു സംബന്ധിച്ച ഔദ്യോഗിക പഠനങ്ങൾ സംസ്ഥാന തലത്തിൽ നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ ? | (എ) | പഠനം നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## കേരളത്തിനെ വളരെ പ്രതികൂലമായി ബാധിക്കുന്ന ശുപാർശകൾ

## സംബന്ധിച്ച കുറിപ്പ്

ഇന്ത്യാ ഗവൺമെന്റ് ഡോക്ടർ ബി.മീനാകുമാരി , ചെയർമാനായി 2013 ആഗസ്റ്റ് മാസം 1-ാം തീയതി നിയമിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളിൽ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിയ്ക്കുന്ന ശുപാർശകൾ

1) കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം ഒരു Buffer Zone ആയി നിലനിർത്തണമെന്ന ശുപാർശ.

   കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം ശരാശരി തീരത്ത് നിന്നും 32 മുതൽ 40 വരെ നോട്ടിക്കൽ മൈലിനുള്ളിൽ വരുന്ന പ്രദേശമാണ് നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുകളും വളരെ കൂടുതൽ ആയി മത്സ്യബന്ധനം നടത്തുന്ന പ്രദേശമാണിത്. ഇവിടെയുള്ള വിഭവങ്ങളെ കൂടുതൽ ആയി ചൂഷണം ചെയ്യുന്നതിനുദ്ദേശിച്ചു കൊണ്ട് ഈ പ്രദേശം ഒരു **Buffer Zone** ആയി നിലനിർത്തുന്നത് വിദേശ ട്രോളറുകൾക്ക് ഗുണകരമാകാൻ സാധ്യതയു ണ്ട്. ഇപ്പോൾ തന്നെ **Lop (letter of permit)** വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം ക്രമാതീതമായി നടത്തു ന്നതു കാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കു മത്സ്യം ലഭിക്കുന്നത് കുറഞ്ഞു വരുകയാണ്. ആയതിനാൽ ഈ ശുപാർശ കേരള സംസ്ഥാനത്തെ സംബന്ധിച്ച് അംഗീകരിക്കാൻ കഴിയുന്നതല്ല.

2) നിലവിലുള്ള മത്സ്യബന്ധനയാനങ്ങൾക്കു പുറമെ 240 **tuna longliners** ഉം 15 **purse sciners** ഉം 15 **squid Jigger** ഉം ഉൾപ്പെടെ 270 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്കു കൂടി എക്സിക്ളൂസീവ് എക്കണോമിക് സോണിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള ശുപാർശ ഇപ്പോൾ തന്നെ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന **"Catch"** വളരെ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ മത്സ്യത്തൊഴിലാളികളെയും ബോട്ടുകാരെയും പ്രതികൂലമായി ബാധിക്കുന്നതാണ്. ആയതിനാൽ പ്രസ്തുത ശുപാർശ അംഗീകരിക്കാൻ കഴിയുകയില്ല.

3) വിദേശ മത്സ്യബന്ധനയാനങ്ങൾ **aquire** ചെയ്യുന്നതിനുള്ള ശുപാർശയും കൂട്ടു പങ്കാളിത്തം/പാട്ടവ്യവസ്ഥയിൽ **(Joint ventures / leasing)** സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യാനുള്ള ശുപാർശയും ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നതിന് പര്യാപ്തമല്ലായെന്ന് മാത്രമല്ല സങ്കീർണ്ണമായ മറ്റു പല പ്രശ്നങ്ങളും ഉാകുന്നതിനിടയാക്കുന്നതുമാണ്. ആയതിനാൽ പ്രസ്തുത ശുപാർശ അംഗീകരിക്കാൻ കഴിയുകയില്ല.

4) വിദേശ മത്സ്യത്തൊഴിലാളികളുടെ സെക്യൂരിറ്റി ക്ലിയറൻസും മറ്റു കാര്യങ്ങളും ഉദാരവൽക്കരിക്കുന്ന തിനുളള ശുപാർശയും കേരളത്തെ സംബന്ധിച്ച് അംഗീകരിക്കാൻ കഴിയുകയില്ല.

5) **Lop (letter of permit ) vessel** ന് നിരോധിത മേഖലയായി പ്രഖ്യാപിച്ചിരുന്ന കടലിലെ ചില പ്രദേശത്തെ നിരോധനം നീക്കാനുളള ശുപാർശ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ പ്രസ്തുത ശുപാർശ അംഗീകരിക്കാൻ കഴിയുകയില്ല.

6) കേന്ദ്രസർക്കാർ ഓരോ വർഷവും നടപ്പിലാക്കുന്ന ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ ട്രോളിംഗ് നിരോധനം (മൺസൂൺകാലം) പുനരവലോകനം ചെയ്യുന്നതിനുളള ശുപാർശ വഴി ടോണി നിരോധനകാലം എടുത്തുകളയുകയാണെങ്കിൽ മത്സ്യസമ്പത്ത് ശോഷിക്കുന്നതിനിടയാക്കുന്നതായതിനാൽ അംഗീകരിക്കാൻ കഴിയുകയില്ല.

7) **Tuna fishing** ലാഭകരമാക്കുന്നതിന് **Fish aggregating devises** സ്ഥാപിക്കുന്നതിനുളള ശുപാർശ മറ്റു മത്സ്യങ്ങളെയും മത്സ്യസമ്പത്തിനെയും പ്രതികൂലമായി ബാധിക്കും എന്നതിനാൽ അംഗീകരിക്കാൻ കഴിയുകയില്ല.

8) വിവിധ ഏജൻസികൾ വഴി ഏർപ്പെടുത്തിയിട്ടുളള ആഴക്കടൽ മത്സ്യബന്ധനത്തിനായുളള നിയന്ത്രണങ്ങൾ നീക്കം ചെയ്യുന്നതിനുളള ശുപാർശ ഇപ്പോൾ നിലനിൽക്കുന്ന സന്തുലിതമായ അവസ്ഥയെ തകിടം മറിക്കുന്നതിന് ഇടയാകുമെന്നതിനാൽ അംഗീകരിക്കാൻ കഴിയുകയില്ല.

ചുരുക്കത്തിൽ റിപ്പോർട്ടിലെ ശുപാർശകളിലെ മുഖ്യ പങ്കും സംസ്ഥാനത്തിന് ദോഷകരമായവ ആയതിനാലും പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ സാങ്കേതികമായി നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിലും റിപ്പോർട്ടിലെ ശുപാർശകൾ തളളിക്കളയേണ്ടതാണ്.

Jeyasan

സെക്ഷൻ ഓഫീസർ